**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കോവിഡ്-19 പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി എല്ലാ കുടുംബങ്ങൾക്കും അവശ്യ സാധനങ്ങളടങ്ങിയ ഭക്ഷ്യ കിറ്റ് വിതരണം - സപ്ലൈകോയ്ക്കുള്ള നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

സ.ഉ(സാധാ)നം.106/2020/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 06.04.2020

**ഉത്തരവ്**

കേരളത്തിൽ കോവിഡ്-19-നുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ആശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കാർഡ് ഇല്ലാത്തവർക്കും 17 വിഭവങ്ങൾ അടങ്ങിയ ഭക്ഷ്യ വിഭവ കിറ്റ് സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കിറ്റ് വിതരണം സുഗമമായി നടത്തുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. കിറ്റ് തയ്യാറാക്കി വിതരണം ചെയ്യുന്നതിന്റെ പൂർണ്ണ ചുമതല സപ്ലൈകോയ്ക്ക് ആയിരിക്കും. 87 ലക്ഷം കിറ്റുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കി ഡിപ്പോകളിൽ എത്തിക്കുന്നതിനുള്ള ചുമതല CMD/GM സപ്ലൈകോയ്ക്കായിരിക്കും.
2. സപ്ലൈകോയുടെ കീഴിലുള്ള 56 ഡിപ്പോകൾ കേന്ദ്രീകരിച്ച് ഓരോ ഡിപ്പോയുടെയും സമീപമുള്ള അടച്ചുറപ്പുള്ള ഹാളുകൾ കണ്ടെത്തി ആവശ്യമുള്ള സാധനങ്ങൾ എത്തിക്കുന്നതിനും സംഭരിക്കുന്നതിനും അവ പായ്ക്കിങ്ങ് സെന്ററുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുമുള്ള ചുമതല ഡിപ്പോ മാനേജർ/ജൂനിയർ മാനേജർമാർക്കായിരിക്കും. ഇവയുടെ മേൽനോട്ടം താലൂക്ക് സപ്ലൈ ഓഫീസർക്ക് ആയിരിക്കും.
3. ഓരോ പായ്ക്കിംങ്ങ് സെന്ററിലും മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ്/ഹൈപ്പർ മാർക്കറ്റ്/പീപ്പിൾ ബസാർ അടിസ്ഥാനമാക്കി കിറ്റ് തയ്യാറാക്കുന്ന ജോലിയുടെ മേൽനോട്ടത്തിന് സപ്ലൈകോയിലെ ഔട്ട് ലെറ്റ് മാനേജർമാരേയും (ഓഫീസർ ഇൻ ചാർജ്) സിവിൽ സപ്ലൈസ് വകുപ്പിലെ അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർമാരേയും നിയമിച്ച് ഉത്തരവാകുന്നു. ഇവരുടെ അപര്യാപ്തത ഉണ്ടാകുന്ന സാഹചര്യത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാരേയും നിയമിക്കാവുന്നതാണ്. ഡിപ്പോയുടെ കീഴിലുള്ള പായ്ക്കിംഗ്, സൂക്ഷിപ്പ് എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്വം ജൂനിയർ മാനേജർക്ക് ആയിരിക്കും.
4. ഓരോ പായ്ക്കിങ്ങ് സെന്ററുകളിലും ആവശ്യാനുസരണം 20-30 വ്യക്തികളെ നിയോഗിക്കാവുന്നതാണ്. തൊഴിലാളികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക പരിസര ശുചീകരണം നടത്തുക എന്നിവയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമായിരിക്കും. കിറ്റ് ഒരുക്കുന്നതിന് ഡിപ്പോ സെന്ററുകളിലും പഞ്ചായത്ത് സെന്ററുകളിലും ആവശ്യമായ രജിസ്റ്റേർഡ് സന്നദ്ധ പ്രവർത്തകരെയോ പായ്ക്കിങ്ങ് തൊഴിലാളികളെയോ, കുടുംബശ്രീ പ്രവർത്തകരെയോ, അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളെയോ പരിഗണിയ്ക്കാവുന്നതാണ്. പായ്ക്കിങ്ങ് സംബന്ധിച്ച

ഗുണനിലവാരം ദിവസേന വിലയിരുത്തേണ്ടതും ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

5. കിറ്റ് തയ്യാറാക്കുന്നവർക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ നല്കേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിൽ ഇവരുടെ ആരോഗ്യപരമായ ശാരീരിക അകലം കൃത്യമായി പാലിക്കേണ്ടതും സാനിറ്റൈസർ/സോപ്പ്, വെള്ളം, മാസ്ക്, ഗ്ലൗസ് എന്നീ അവശ്യ സാധനങ്ങൾ നിർബന്ധമായും വിതരണം ചെയ്യേണ്ടതുമാണ്.
6. Quality Control ഉദ്യോഗസ്ഥൻമാർ/ സപ്ലൈകോ വിജിലൻസ് സെൽ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതും കിറ്റിന്റെയും സാധനങ്ങളുടെയും സ്റ്റോക്ക്, ട്രാൻസ്പോർട്ടേഷൻ എന്നീ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.
7. ഓരോ ജില്ലയിലും റേഷൻ കാർഡിന് ആനുപാതികമായി എ.എ.വൈ, പി.എച്ച്.എച്ച്, നോൺ പ്രയോറിറ്റി വിഭാഗങ്ങൾക്ക് എത്ര കിറ്റ് തയ്യാറാക്കണമെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ കണക്കാക്കി അതിനാനുപാതികമായി വിഭവങ്ങളും ആവശ്യമുള്ള മാനവ ശേഷിയും ക്രമീകരിക്കേണ്ടതും എ.ആർ.ഡി കളിൽ നിന്നുള്ള ആവശ്യങ്ങളനുസരിച്ച് വിതരണം നടത്തേണ്ടതുമാണ്.

എ.എ.വൈ വിഭാഗക്കാർക്കാവശ്യമായ 5,92,483 കിറ്റുകൾ ഏപ്രിൽ 9-ാം തീയതിയ്ക്കകവും പി.എച്ച്.എച്ച് വിഭാഗങ്ങൾക്ക് വിതരണം ചെയ്യേണ്ട 21,51,308 കിറ്റുകൾ 21-ാം തീയതിയ്ക്കകവും നോൺ പ്രയോറിറ്റി വിഭാഗങ്ങൾക്കുള്ള 49,85,070 കിറ്റുകൾ ഏപ്രിൽ 30-ാം തീയതിയ്ക്കകവും വിതരണം ചെയ്യുവാൻ കഴിയുന്ന രീതിയിൽ കിറ്റുകൾ തയ്യാറാക്കി വിതരണ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

ഇതിനാവശ്യമായി വരുന്ന ചെലവിൽ 350 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**പി. വേണുഗോപാൽ**
**ഗവണ്മെന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, മാവേലി ഭവൻ, കൊച്ചി.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ